# ‘കമ്മ്യൂണിസ്റ്റ് പച്ച’യുടെ നിറക്കൂട്ട്

ഡോ. നന്ദകുമാർ ചാണയിൽ

ഒരു ശതാബ്ദം മുമ്പുള്ള ഒരു ‘ലാനാ’ സമ്മേളനത്തിലാണെന്നു തോന്നുന്നു ഒരു ചെറുപ്പക്കാരൻ നല്ല ഈണത്തിൽ കവിതകൾ ചൊല്ലി, ‘ലാന’യുടെ ചൊൽക്കാഴ്ച ധന്യമാക്കിയത്. അന്നെനിക്കു തോന്നിപ്പോയി, ഇതുമാതിരി കവിതകൾ ചൊല്ലാൻ എനിക്കും കഴിഞ്ഞിരുന്നുവെങ്കിൽ... പിന്നീടാണെനിക്ക് സന്തോഷ് പാലയെന്ന ആ യുവകവിയുമായി പരിപചയപ്പെടാനും സൗഹൃദം തുടരാനും കഴിഞ്ഞത്.

സന്തോഷ് പാല 40 കവിതകളടങ്ങുന്ന ‘കമ്മ്യൂണിസ്റ്റ് പച്ച’യെന്ന ഒരു കവിതാസമാഹാരം 2011-ൽ പ്രസിദ്ധപ്പെടുത്തി. ഇതിലെ ഒട്ടുമിക്ക കവിതകളും ‘പച്ച’യായ ഭാവനകളുടെ തിരതല്ലലിലൂടെ വായനക്കാരൻ മുങ്ങിപ്പൊങ്ങുന്നൊരു പ്രതീതി ഉളവാക്കാൻ പര്യാപ്തങ്ങളാണ്. ‘ഞാൻ’ എന്ന കവിതയിൽ ഒത്തിരി തമാശക്കാരുള്ള ഒരു കുടുംബതത്തിൽ ജനിച്ചു വളർന്നതുകൊണ്ട് തന്നെ ഞാൻ ഗൗരവക്കാരനായ ഒരു തമാശക്കാരനുമായി. ധാരാളം തമാശക്കാരുടെ ഇടയിൽ ഗൗരവത്തോടു കൂടി ഗൗരവാവഹമായ തമാശകൾ പറയുന്ന പലരേയും നമ്മുടെ സമൂഹത്തിൽ കണ്ടുമുട്ടിയില്ലേ! ‘വട്ടത്തിൽ കറങ്ങുന്ന ചെറുതും വലുതുമായ രണ്ട് അടയാളങ്ങളാണ് സകലരേയും സകലടത്തും വട്ടംകറക്കുന്നത് എന്ന ഒരു ഹ്യസ്വ വിവരണത്തിലൂടെ ഒരു ഘടികാരത്തിന്റെ ചിത്രവും ആ വട്ടത്തിലെ ചെറുതും വലുതും സകലരേയും സകലടത്തും, വട്ടം കറക്കുന്നതും ആയ നർമ്മോക്തിയിലുള്ള കഥനം ഭാവനാസാന്ദ്രം തന്നെ. പ്രണയകവിതകളിൽ അകലമെന്നും അടുപ്പമെന്നും ഉള്ള വിരുദ്ധോക്തികളെ പ്രണയപാരവശ്യത്തിന്റെ നൂലിൽകോർത്തിണക്കുമ്പോൾ അകലെയുള്ള പ്രണയിനി അകലത്തെ നിഷ്പ്രഭമാക്കി അടുത്താണെന്ന ജല്പനമുളവാക്കുന്നതും കാലം ഏറെ ചെന്നിട്ടും എവിടെയൊക്കെ ആയിരുന്നിട്ടും അന്നും ഇന്നുമുള്ള അടുപ്പമെന്ന തോന്നലിന്റെ ആവിഷ്ക്കാരവും മനസ്സിൽ തട്ടുംവിധം കവി, മിതമായ വാക്കുകളിൽ വർണ്ണിച്ചിരിക്കുന്നു.

സ്നേഹിച്ചു തീരാത്ത നിന്നെപ്പറ്റി, ഇനി ആരോടാണ് പറയേണ്ടതെന്ന ചോദ്യത്തിലൂടെ എത്ര ജന്മങ്ങൾ ജീവിച്ചുതീർത്താലും തീരാത്തത്ര അദമ്യമായ കമിതാക്കളുടെ അനുരാഗവാഞ്ജ ലോകം മുഴുവൻ അറിഞ്ഞിട്ടും ഇനിയും ആരോടെങ്കിലും പറയാനുണ്ടോ എന്ന ശങ്കയാർന്ന ചോദ്യം കവിക്കൊരു ഉത്തരം കിട്ടാത്ത ചോദ്യമായി ഒരു ശിലാലിഖിതം പോലെ കവിയുടെയും അനുവാചകന്റെയും മനസ്സിൽ തങ്ങി നിൽക്കുന്നു.

‘പരസ്യമല്ലാത്ത രഹസ്യം’ എന്ന കവിതയിലെ ആഖ്യാനരീതി ശ്ലാഘനീയമാണ്. മണ്ണാങ്കട്ടയും കരിയിലയും എന്ന കൊച്ചുകവിതയിലെ തത്വോപദേശം നാമെല്ലാം കേട്ടുവളർന്നവരാണല്ലോ. ഈ സാരാംശകഥയെ അനുസ്മരിപ്പിക്കുമാറുള്ളതാണ് ഇക്കവിതയും. കണ്ണും കരളും തമ്മിലുള്ള കൂട്ടുകെട്ടും, ഉടക്കും, വായയുടെ മദ്ധ്യസ്ഥതയും സംവാദരൂപേണ ഇമ്പമുള്ളതാക്കിത്തീർത്തിരിക്കുന്നു.

വിഗ്രഹം പാൽകുടിക്കുന്നെന്നും ഭസ്മവിഭൂതികളെക്കുറിച്ചും മറ്റും മറ്റുമുള്ള അത്ഭുത വാർത്തകൾ നാം ഇടയ്ക്കിടെ കേൾക്കുന്നതാണല്ലോ. ‘കല്ലിൽ കൊത്തിയ രൂപം പാൽകുടിക്കുമെന്ന കഥ കണ്ണുപറഞ്ഞത് കരൾ വിശ്വസിച്ചില്ല’. കേട്ടീലയോ കിഞ്ചനവർത്തമാനം നാട്ടിൽ പൊറുപ്പാനെളുതല്ല മേലിൽ എന്ന മട്ടിൽ പ്രചരിപ്പിക്കുന്ന വാർത്തകൾ വിശ്വസിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരല്ലെന്നുള്ള സൂചനയും കവി ഈ നർമ്മസംവാദത്തിലൂടെ തരുന്നുണ്ട്. ഈ കവിതയിലെ സ്മാർത്തവിചാരേണയുള്ള അന്ത്യം അപാരം തന്നെ. ‘കരളലിയുന്ന കാഴ്ചയകൾ മിന്നിവരുമ്പോൾ

കണ്ണടക്കുന്നതും, ഒരാൾ കണ്ണടയ്ക്കുമ്പോൾ എല്ലാവരുടേയും കരളലിയാൻ തുടങ്ങുന്നതും' മൂക മായ ധ്വനികളിലൂടെ വാചാലനാകുന്ന കവിയുടെ കാവ്യഭാവനയ്ക്ക് എം.എസ്. വിശ്വനാഥൻ പാടി യതു പോലെ, 'അഭിനന്ദനം, അഭിനന്ദനം'!

ഐരാവതങ്ങൾ വിഹരിക്കുന്ന സ്വർഗ്ഗഭൂവിലെ ഒരു അത്ഭുതക്കാഴ്ചയാണല്ലോ പന്ത്രണ്ടു കൊല്ലത്തിലൊരിക്കൽ പൂത്തുല്ലസിക്കുന്ന 'കുന്തിയാനക്കാടുകൾ'. നീലക്കുറിഞ്ഞിയുടെ വംശനാ മത്തിൽ (species) നിന്നുരുത്തിരിഞ്ഞ പദത്തെ കുഴിയാന, പിടിയാന, കൊമ്പനാന ഒന്നീ പരിചി തമായ ആനകളുടെ കൂട്ടത്തിൽ കാണാത്ത കൂട്ടം തെറ്റിയും തെറ്റാതെയും നിൽക്കുന്ന കുന്തിയാ നകളുടെ ശേലിൽ രമിക്കുന്ന കവിഭാവനയ്ക്ക് പ്രണാമം. 'പേടിക്കരുത്' എന്ന കവിതയിലെ, 'പേടി ക്കരുത് നീ, നീയായി ജീവിക്കുക', എന്ന സന്ദേശം ഒരു മുദ്രാവാക്യത്തിന്റെ ധ്വനിയ്ക്കുപരിയായി നമ്മുടെ കാതുകളിൽ മുഴങ്ങുന്നുണ്ട്. 'ഒരു ചിഹ്നക്കവിത' ദ്വയാർത്ഥങ്ങളും സ്വാരസ്യങ്ങളും മുറ്റി നിൽക്കുന്ന സരസഭയിനി തന്നെ. 'കണ്ണുകൾ' കഥ പറയുമെന്ന് ആദ്യം പഠിപ്പിച്ചത് അമ്മയും മുത്തശ്ശിയും, കാലാന്തരേണ എന്നെ കണ്ണുകൊണ്ടെങ്ങനെ എറിയാം എന്നു പഠിപ്പിച്ചത് കോളേ ജിലെത്തിയപ്പോൾ ഒരു കൂട്ടുകാരനും എന്നു തുടങ്ങി കണ്ണുകൾ വ്യാപരിക്കന്ന വ്യത്യസ്ത മേഖ ലകൾ കവി ഫലിതരൂപേണ നമുക്ക് കാണിച്ചുതരുന്നുണ്ട്. അതെ, ശരിയാണ് കവേ 'മുത്തശ്ശി പറ യാത്ത, അമ്മയ്ക്കറിയാത്ത കഥകളുമായി കണ്ണുകളിന്നും (നല്ലതും ചീത്തയും) കഥകൾ പഠി പ്പിച്ചു കൊണ്ടേ ഇരിക്കുന്നു.'

വലിയ ഉപകരണങ്ങളും ചായക്കൂട്ടുകളും ഇല്ലാതെ സുന്ദരചിത്രങ്ങൾ രചിക്കുന്ന ഒരു കലാ കാരനെപ്പോലെ, മിതമായ, വാക്കുകളുപയോഗിച്ച് വാങ്മയചിത്രങ്ങൾ ചമയ്ക്കുന്നതിലും, വിപ രീതാർത്ഥപദങ്ങളുടെ അർത്ഥതലങ്ങൾ, ഗഹനമായ വിചാരധാര എന്നിവ പ്രദാനം ചെയ്യുന്നതിലും സന്തോഷിന് ഒരു പ്രത്യേക കഴിവുണ്ട്. അതെ, ഒരു സാഗരം ചിമിഴിലൊതുക്കാനുള്ള ചാതുരിയും സന്തോഷിനുണ്ട്. അങ്ങിനെ കവിതാസ്വാദനത്തിനു തുനിയുന്ന അനുവാചകനെ ഉദാത്തചിന്തക ളിലൂടെ സംതൃപ്തിയും സന്തോഷവും സമ്മാനിക്കുന്ന സന്തോഷ് പാലയിൽ നിന്നും പാലപ്പൂ വിന്റെ നറുമണം നല്കുന്ന, മനസ്സിലെങ്ങും പച്ചപടർന്നുനില്ക്കുന്ന കമ്മ്യൂണിസ്റ്റ് പച്ച പോലുള്ള കൃതികൾ ഉണ്ടാകട്ടെ എന്ന ശുഭകാമനകളോടെ നിർത്തട്ടെ.

***********പ